LIBRARY ARCHIVES Kerala Legislative Assembly

സമ്മാന തുക ലഭിക്കാത്തവരുടെ കേസുകൾ

163 (4154) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർണ്ണാടക സ്വദേശിയും കോഴിക്കോട് കാവിലുംപാറയിൽ ജോലിചെയ്തു വരുന്നയാളുമായ ശ്രീ. ഹമീദ് എന്നയാൾ കേരള ലോട്ടറിയുടെ സമ്മാനാർഹൻ ആയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ആൾക്ക് സമ്മാനതുക നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(സി) ടിയാൻ സർക്കാരിനെ എതിർകക്ഷിയാക്കി കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നോ എന്നും കേസിൽ അന്തിമ വിധി വന്നിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

(ഡി) അന്തിമ വിധി പ്രകാരം ടിയാന് സമ്മാന തുക നൽകുവാൻ കോടതി വിധി വന്നിട്ടുണ്ടോ എന്നും അപ്രകാരം സമ്മാന തുക നൽകിയിട്ടുണ്ടോ എന്നും സമ്മാനതുക നൽകിയിട്ടില്ലെങ്കിൽ കാരണം എന്തെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സമ്മാനാർഹനായിട്ടുണ്ട്.

(ബി) സമ്മാനത്തുക നൽകിയിട്ടില്ല. അന്യ സംസ്ഥാനത്തുനിന്നുള്ള ക്ലെയിം ആയതിനാൽ കള്ളപ്പണം വെളുപ്പിക്കൽ നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായി പ്രസ്തുത ക്ലെയിം ക്രൈം ബ്രാഞ്ച് അന്വേഷണത്തിന് നൽകിയിരുന്നതിനാലാണ് സമ്മാനത്തുക നൽകാതിരുന്നത്.

(സി&ഡി) കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസ്സിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിനെതിരെ സർക്കാർ റിട്ട് അപ്പീൽ ഫയൽ ചെയ്തിരുന്നു. അപ്പീൽ തള്ളി വിധി വന്നിട്ടുണ്ടെങ്കിലും സമ്മാനത്തുക നൽകിയിട്ടില്ല. കോടതി വിധി സർക്കാർ പരിശോധിച്ചുവരുന്നു.

ലോട്ടറി

164 (4155) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള ലോട്ടറികൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ ;